LIBRARY ARCHIVES Kerala Legislative Assembly

(7) തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഇടുക്കി ജില്ലയിൽ തോട്ടങ്ങൾ പൂട്ടിക്കിടക്കുന്നതുമൂലം തൊഴിലാളികൾ പട്ടിണിയിലാണ്. ഇടുക്കി ജില്ലയിൽ പ്രത്യേകിച്ച് പീരുമേട് താലൂക്കിൽ 24,000 തൊഴിലാളികൾ മാസങ്ങളായി പട്ടിണി കിടക്കുകയാണ്. ആ തോട്ടം താൽക്കാലികമായി 5 വർഷത്തേയ്ക്ക് ഏറ്റെടുക്കണം. തൊഴിലാളികളേയും അവരുടെ കുടുംബങ്ങളേയും സംരക്ഷിക്കാൻ ഗവണ്മെന്റ് നടപടിയെടുക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കുക എന്നത് പ്രായോഗികമായി ചെയ്യാൻ കഴിയാത്ത കാര്യമാണ്. അവിടെ തോട്ടങ്ങൾ അടഞ്ഞുകിടക്കുന്നതുമൂലം ആളുകൾക്ക് പ്രയാസങ്ങളുണ്ട്. അത് അകറ്റുന്നതിനുള്ള ശക്തമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. തേയിലയുടെ വിലയിൽ ചില മാറ്റങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. ഇന്നലെ കേന്ദ്ര ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുള്ള ചില ആനുകൂല്യങ്ങൾ കൂടി ആകുമ്പോൾ തോട്ടം തുറക്കാനുള്ള താല്പര്യം തോട്ടമുടമകൾ കാണിച്ചുതുടങ്ങിയിട്ടുണ്ട്. പക്ഷെ, തോട്ടം അടഞ്ഞുകിടക്കുന്നുവെങ്കിലും പീരുമേട്ടിലെ സ്ഥിതി, തൊഴിലാളികളാരും ജോലിയില്ലാതെ നിൽക്കുന്നില്ല എന്നതാണ്. പ്രത്യേകിച്ച് പട്ടിണി എന്നു പറയുന്നത് ഇല്ല എന്നുമാത്രം ചൂണ്ടിക്കാണിക്കുകയാണ്.

(8) ഭാരതപ്പുഴ ആക്ഷൻ പ്ളാൻ തയ്യാറാക്കേണ്ടതിന്റെ പ്രാധാന്യം

ശ്രീ. വി. കെ. ചന്ദ്രൻ: സർ, മദ്ധ്യ കേരളത്തിലെ പ്രധാനപ്പെട്ട പുണ്യനദിയാണ് ഭാരതപ്പുഴ. അവിടെനിന്നുമുള്ള ജലം മലപ്പുറം, പാലക്കാട്, തൃശൂർ ജില്ലകളിലെ ആളുകൾ കുടിവെള്ളത്തിനും കൃഷിക്കും വേണ്ടി ഉപയോഗിച്ചുവരുന്നതാണ്. അവിടെ നദിയാകെ നശിച്ചിരിക്കുന്നു. ആ നദി സംരക്ഷിക്കാൻ തടയണകളും ചെക്ക് ഡാമുകളും നിർമ്മിക്കുകയും ഭാരതപ്പുഴ ആക്ഷൻ പ്ളാൻ തയ്യാറാക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഭാരതപ്പുഴയിൽ ഏതാനും ചെക്ക് ഡാമുകൾ നിർമ്മിക്കുന്ന കാര്യം ഗവണ്മെന്റ് പരിശോധിച്ചിട്ടുണ്ട്. അതിനെല്ലാം സാമ്പത്തികമായി കൂടുതൽ ഭാരം ഗവണ്മെന്റിനു വരും. അതുകൊണ്ട് ഏറെ എടുക്കാൻ സാദ്ധ്യമല്ല. തൃത്താലയിൽ പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കും. അവിടെ ഒരെണ്ണമുണ്ട്. അടുത്ത ഒരെണ്ണം ഉദ്ദേശിക്കുന്നത് ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജാണ്. പിന്നെ പട്ടാമ്പിയിൽ ഒരെണ്ണം ഉദ്ദേശിക്കുന്നുണ്ട്. രണ്ടുമൂന്നെണ്ണമൊക്കെ ഈ പ്രാവശ്യം തീർക്കാൻ കഴിയും. ബാക്കിയുള്ളത് നമുക്ക് ആലോചിച്ച് ചെയ്യാം.